(ഡി) ഇതിന് വ്യത്യസ്ത തോത് നിലവിലുണ്ടോ; ഉണ്ടെങ്കിൽ കാരണമെന്ത്;

(ഇ) പെൻഷൻ തുക വർദ്ധിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാന പദ്ധതിപ്രകാരം 1683 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

(സി) പ്രതിമാസം 100 രൂപ, 150 രൂപ എന്നീ പൊതുനിരക്കിലാണ് ധനസഹായം നൽകുന്നത്.

(ഡി) ഉണ്ട്. കലയിലുള്ള പ്രാവീണ്യം കണക്കിലെടുത്ത് ഗ്രേഡ് തിരിച്ചാണ് ധനസഹായം നൽകുന്നത്.

(ഇ, എഫ്) പെൻഷൻ തുക വർദ്ധിപ്പിക്കുന്നതുൾപ്പെടെയുള്ള ഈ പദ്ധതിയെ സംബന്ധിച്ച വിവിധ പ്രശ്നങ്ങളും ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതിന് ഉന്നതാധികാരകമ്മിറ്റിയുടെ ഒരു യോഗം 10-12-1936-ൽ കൂടുന്നുണ്ട്.

അവശകലാകാരൻമാരുടെ പെൻഷൻ തുകയിലുള്ള വ്യത്യാസം

1866 [2907] ശ്രീ. സി. ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 100 രൂപ വീതം എത്ര അവശകലാകാരൻമാർക്ക് പെൻഷൻ നൽകുന്നുണ്ട്;

(ബി) 150 രൂപ വീതം എത്ര പേർക്ക് പെൻഷൻ കൊടുക്കുന്നുണ്ട്;

(സി) ആലത്തൂർ താലൂക്കിൽ ആകെ എത്ര അവശകലാകാരൻമാർക്ക് പെൻഷൻ കൊടുക്കുന്നുണ്ട്?

ഉത്തരം

(എ) 948. (തൊള്ളായിരത്തി നാൽപ്പത്തിയെട്ട്.)

(ബി) 735. (എഴുനൂറ്റി മുപ്പത്തിയഞ്ച്.)

(സി) 10. (പത്ത്.)

സഹകരണ സംഘം സംരക്ഷണ സമിതിയുടെ നിവേദനം

1867 [2910] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സഹകരണ സംഘം സംരക്ഷണ സമിതിയുടെ നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly